**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2197**
**26.03.2013–ലെ മറുപടിക്ക്**

## ട്രഷറികളുടെ കമ്പ്യൂട്ടർവൽക്കരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.മോൻസ് ജോസഫ് | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | സംസ്ഥാനത്തെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും എ.ടി.എം സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സംസ്ഥാനത്തെ എല്ലാ ട്രഷറികളും നിലവിൽ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടതാണ്. സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കുന്നതിന്റെ ഭാഗമായി സെക്രട്ടറിയേറ്റ് സബ് ട്രഷറിയിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ പെൻഷൻ പേമെന്റ് സബ് ട്രഷറികളിലും എ.ടി.എം സ്ഥാപിക്കുന്നതിന് 14.12.2012 തീയതിയിലെ സ.ഉ (സാധാ) നം: 10460/12/ധന ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | പെൻഷൻ തുക എ.ടി.എം ലൂടെ പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | പെൻഷൻ തുക എ.ടി.എം ലൂടെ പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | ട്രഷറി സംവിധാനം ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | ട്രഷറി സംവിധാനം ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| ഡി) | ട്രഷറി വകുപ്പിലെ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനത്തിന്റെ മെയിന്റനൻസ് ആരാണ് നടത്തുന്നത്; ഇവ കേടായാൽ എത്രയും വേഗം നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ ? | ട്രഷറി വകുപ്പിൽ നിലവിൽ കമ്പ്യൂട്ടർ സംവിധാനങ്ങളുടെ മെയിന്റനൻസ് 'ആക്സൽ ഫ്രണ്ട്ലൈൻ പ്രൈവറ്റ് ലിമിറ്റഡ്' എന്ന സ്ഥാപനമാണ് നടത്തുന്നത്. പുതിയ മെയിന്റനൻസ് കരാർ കെൽട്രോണിനെ ഏൽപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കരാറിൽ കമ്പ്യൂട്ടറുകൾ കേടായാൽ 24 മണിക്കൂറിനുള്ളിൽ നന്നാക്കുന്നതിനുള്ള വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ